**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1669** **08-12-2022 - ൽ മറുപടിയ്ക്ക്**

**ഡിജിറ്റൽ സർവ്വേ നടത്താൻ തിരഞ്ഞെടുത്ത വില്ലേജുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കാനത്തിൽ ജമീല | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | ഡിജിറ്റൽ സർവ്വേയുടെ ആദ്യഘട്ടത്തിൽ കോഴിക്കോട് ജില്ലയിലെ എത്ര വില്ലേജുകളാണ് തെരഞ്ഞെടുക്കപ്പെട്ടത്; | (എ) | ഡിജിറ്റൽ സർവ്വെ പദ്ധതിയുടെ ആദ്യഘട്ടത്തിൽ കോഴിക്കോട് ജില്ലയിൽ നിന്നും 16 വില്ലേജുകളെ ഉൾപ്പെടുത്തിയിട്ടുണ്ട്. |
| (ബി) | ആദ്യ ഘട്ടം എത്ര സമയത്തിനകം പൂർത്തികരിക്കാൻ സാധിക്കുമെന്നറിയിക്കുമോ; | (ബി) | ഡിജിറ്റൽ സർവ്വെ പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനം 2022 നവംബർ മാസം ഒന്നാം തീയതി ബഹു. മുഖ്യമന്ത്രി നിർവ്വഹിക്കുകയും, എല്ലാ ജില്ലകളിലും തെരഞ്ഞെടുക്കപ്പെട്ട വില്ലേജുകളിൽ സർവ്വെ നടപടികൾ ആരംഭിക്കുകയും ചെയ്തിട്ടുള്ളതാണ്. പ്രസ്തുത പദ്ധതിയുടെ ആദ്യ ഘട്ടത്തിൽ തെരഞ്ഞെടുത്തിട്ടുള്ള 200 വില്ലേജുകളിൽ 6 മാസം കൊണ്ട് സർവ്വെ പൂർത്തിയാക്കുന്നതിനാണ് ലക്ഷ്യമിടുന്നത്. |
| (സി) | രണ്ടാം ഘട്ടം ഡിജിറ്റൽ സർവ്വേ നടത്തുന്നതിനുള്ള വില്ലേജുകളെ തിരഞ്ഞെടുത്തിട്ടുണ്ടോ; എങ്കിൽ രണ്ടാം ഘട്ടത്തിൽ ഉൾപ്പെട്ട കോഴിക്കോട് ജില്ലയിലെ വില്ലേജുകളുടെ പേര് ലഭ്യമാക്കുമോ? | (സി) | ഡിജിറ്റൽ സർവ്വെ പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ ഉൾപ്പെടുത്തേണ്ട വില്ലേജുകൾ തിരഞ്ഞെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ